(ബി) ഇതേ ആവശ്യങ്ങളുടെ പേരിലാണോ ഐ.എൻ.ടി. യു. സി. ട്രാൻസ്പോർട്ട് തൊഴിലാളികളും അടുത്തകാലത്തു് സത്യഗ്രഹം ആരംഭിച്ചതു്;

(സി) അവരുടെ സത്യഗ്രഹം നിർത്താനുണ്ടായ കാരണമെന്താണു്?

ഉത്തരം

(എ) വിവരം രേഖപ്പെടുത്തിയ സ്റ്റേറ്റുമെന്റു് അനുബന്ധമായി ചേർത്തിട്ടുണ്ടു് †

(ബി) ഈ ആവശ്യങ്ങളിൽ ചിലതും മറ്റു ചില ആവശ്യങ്ങളും അവർ ഉന്നയിച്ചിരുന്നു.

(സി) യൂണിയൻ പ്രതിനിധികളുമായുള്ള ചർച്ചകളിൽ അവരുടെ ആവശ്യങ്ങളും ഗവണ്മെന്റിന്റെ അടിയന്തിരമായ പരിഗണനയിൽ ഇരിക്കുകയാണെന്നു് അറിയിച്ചു.

Transport Waiting Shed

93. [8] ശ്രീ. എം. എം. സുന്ദരം: മീൻ കായലും വിളക്കുങ്ങുക്കു ട്രാൻസ്പോർട്ട് ഇലാഖാ മന്ത്രിമാർ അവർകൾ വിടെ പകർവാർകളാക:

(എ) പീരുമേടു താലൂകാ വണ്ടിപ്പെരിയാർ ടൗണിൽ ട്രാൻസ്പോർട്ട് വെയിറ്റിങ്ങ് ഷെഡ്-ക്കാക ട്രാൻസ്പോർട്ട് ഡിപ്പാർട്മെന്റ് ഒരു ഏക്കർ നിലം T. T. E. കമ്പെനിയിലിരുന്നു് അക്കൊയർ ചെയ്തു എടുത്തുള്ളതാ;

(ബി) ഷെ ഇടത്തിൽ വെയിറ്റിങ്ങ് ഷെഡ് കട്ടുവാൻ തിട്ടത്തെ ട്രാൻസ്പോർട്ട് ഡിപ്പാർട്മെന്റ് കൈവിട്ടിരിക്കുന്നതാ;

(സി) ഷെ പൂമി പഞ്ചായത്തുക്കു തേവൈ എന കേട്കപ്പട്ടുള്ളതാ;

(ഡി) ട്രാൻസ്പോർട്ടുക്കു അവശിയമില്ലയെങ്കിൽ അതൈ പഞ്ചായത്തിറ്കു ഉടനടി കൊടുക്ക തയവുണ്ടാകുമാ?

Answer

(a) Yes.
(b) Yes.
(c) Yes.
(d) This is under consideration.

ADJOURNMENT MOTION

Hungerstrike by Shri A. K. Gopalan, M. P., in the Moovatupuzha sub jail

Mr. Speaker: Order, order.

I have received notice of a motion under Rule 49 from Shri E. M. Sankaran Namboodiripad for discussing a matter of urgent public importance namely, the hungerstrike by Shri A. K. Gopalan in the Moovatupuzha Sub Jail. I call upon the Chief Minister to state the facts.

9 a. m.]

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): സർ, റൂൾ 49 അനുസരിച്ചു് ഇവിടെ ചർച്ച നടത്തേണ്ട കാര്യങ്ങളൊന്നും ഉണ്ടായിട്ടില്ല. ശ്രീ. എ. കെ. ഗോപാലൻ ഒരു നിരാഹാരസത്യഗ്രഹത്തിൽ ഏർപ്പെട്ടിരിക്കുകയാണു്. അദ്ദേഹം ഇപ്പോഴും അതു നടത്തുന്നതു, മൂവാറ്റുപുഴ സബ്ജയിലിലാണു്. രണ്ടു മൂന്നു ദിവസമായി ആഹാരം കഴിക്കാതിരിക്കുന്നതുകൊണ്ടു് അദ്ദേഹത്തിനു ശാരീരികമായി കുറെ ക്ഷീണമുണ്ടായിട്ടുണ്ടു്. അതു സ്വാഭാവികമാണു്. അദ്ദേഹത്തിനു് ആഹാരം ആവശ്യപ്പെടുമ്പോൾ കൊടുക്കുന്നതിനുള്ള എല്ലാ വ്യവസ്ഥകളും ഗവണ്മെന്റു ചെയ്തിട്ടുണ്ടു്. അദ്ദേഹത്തിന്റെ ശാരീരികമായ ആരോഗ്യസ്ഥിതി എങ്ങിനെയാണെന്നു് പരിശോധിക്കാൻ വേണ്ടിടത്തോളം കരുതലു

† Appendix VIII

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]:

കട്ടം അവിടെ ചെയ്തിട്ടുണ്ട്. അദ്ദേഹത്തെ മുമ്പ ചികിത്സിച്ചിരുന്ന അദ്ദേഹത്തിന്റെ ഹെൽത്ത് സംബന്ധമായ പശ്ചാത്തലം അറിയാവുന്ന ഒരു ഡാക്ടർതന്നെ അവിടെയുണ്ട്. ആ ഡാക്ടറുടെ സേവനം അവിടെ ലഭിച്ചിട്ടുണ്ട്. ശ്രീ. ഗോപാലന്റെ പേരിൽ ഒരു കേസെടുത്തിട്ടുണ്ട്. അങ്ങനെയാണ് സബ്ജയിലിൽ വച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ പേരിലുള്ള കേസ് തുടർന്നുകൊണ്ടുപോകേണ്ടയാവശ്യമുണ്ടെന്നു ഗവണ്മെന്റിനു വിചാരമില്ല. അതുകൊണ്ട് ആ കേസ് ഡ്രോപ്പുചെയ്യാൻ ഗവണ്മെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. കോടതിയിൽനിന്നു അനുവാദം വാങ്ങേണ്ടതായതുകൊണ്ട് ഇന്നു അതു നടക്കുമെന്നാണു തോന്നുന്നതു. അദ്ദേഹം ആവശ്യപ്പെട്ടിരുന്നതിൽ ഏറ്റവും പ്രധാനമായ കാര്യം ഒരന്വേഷണം നടത്തണമെന്നുള്ളതായിരുന്നു. ആ അന്വേഷണത്തിനു ഗവണ്മെന്റ് ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ നിലയിൽ ശ്രീ. ഗോപാലനു നിരാഹാര സത്യഗ്രഹം അവസാനിപ്പിച്ചു അദ്ദേഹത്തിന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിനു നല്ല സൗകര്യമാണു ഇപ്പോൾ സംജാതമായിരിക്കുന്നതു. ആ നിലയിൽ എന്തെങ്കിലും ഒരു അടിയന്തിരാവസ്ഥ ഉണ്ടായിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. ഇവിടെ ഒരു ചർച്ചചെയ്യേണ്ടതെന്തെങ്കിലും ഒരു പ്രയോജനം വരുത്താനുമില്ല. അതുകൊണ്ട് ഒരു ചർച്ചയുടെ ആവശ്യമില്ല എന്നാണു എനിക്കു പറയുവാനുള്ളതു.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ആരോഗ്യസ്ഥിതി എന്താണെന്നുള്ള ലേറ്റസ്റ്റ് ഇൻഫർമേഷൻ ഉണ്ടോ?

ശ്രീ. ആർ. ശങ്കർ: ആശങ്കാജനകമായി ഒന്നുമില്ലെന്നാണു ഇൻഫർമേഷൻ.

Mr. Speaker: In the light of the facts stated by the Chief Minister, I don't think it is a matter of serious concern. So I withhold consent to the moving of the motion.

Financial Statement of the Electricity Board

ശ്രീ. സി. അച്യുതമേനോൻ: സർ, ഓൺ എ പായിന്റ് ആഫ് ഇൻഫർമേഷൻ. ഇലക്ട്രിസിറ്റി ബോർഡിന്റെ ആനുവൽ ഫൈനാൻഷ്യൽ സ്റ്റേറ്റുമെന്റ് ഈ സഭ മുമ്പാകെ വയ്ക്കണമെന്നു ചട്ടമുണ്ട്. ഇതുവരെ വച്ചിട്ടില്ല. അതിവിടെ വച്ചാലെ ഞങ്ങൾക്കു ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നോട്ടീസുകൊടുക്കാൻ സാധിക്കുകയുള്ളു. ഇന്നു തീയതി മാർച്ച് 12 ആയി.

Mr. Speaker: I have been informed that the annual financial statement of the Electricity Board has been received here. It will be supplied tomorrow.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61

(1) Water Supply to the Punja Fields in Tirur Taluk

Mr. Speaker: Shri K. Moideenkutty Hajee has given notice of a motion under Rule 61. I call upon the member to state the facts.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: തിരൂർ താലൂക്കിൽപെട്ട തിരുരങ്ങാടി, നെങ്കൻപാറ എന്ന പ്രദേശത്തു ആയിരം ഏക്കറോളം പുഞ്ചകൃഷി വരണ്ടുപോകുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു എന്നുള്ളതിന്റെ പശ്ചാത്തലം ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തുകയാണു. പെരിയപെരിയ തോതിൽ തുണ്ടുതുണ്ടായി പുഞ്ചകൃഷിചെയ്യുന്ന ഏരിപ്പാടാണു അവിടെയുള്ളതു. പെരിയ തോടുകളും പെരിയ കുളങ്ങളും അവിടെയുള്ളതിൽനിന്നും ഏത്തംവച്ചു തേവിയാണു വെള്ളംകൊണ്ടുവന്നു കൃഷി അവിടെ നടത്തുന്നതു. ഈ കൊല്ലം പെരിയ ജലാശയങ്ങളും വറ്റിപ്പോയിരിക്കുന്നതുകൊണ്ടു അതിനു നിവൃത്തി

LIBRARY ARCHIVES Kerala Legislative Assembly